**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5930** **25-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 677 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന ഏകദേശം 124 പദ്ധതികൾ പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി. താൽപര്യം കാണിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 424 മെഗാവാട്ട് ഉത്പാദിപ്പിക്കാൻ 25 പദ്ധതികളാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണന-യിലുള്ളത്. ബാക്കി വരുന്ന പദ്ധതികൾ EMC മുഖേന നടപ്പിലാക്കുവാൻ കൈമാറിയിട്ടുള്ളതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 |
| 2 | മാങ്കുളം | 40 |
| 3 | പാമ്പാർ | 40 |
| 4 | തോട്ടിയാർ | 40 |
| 5 | അച്ചൻകോവിൽ | 30 |
| 6 | ഭൂതത്താൻകെട്ട് | 24 |
| 7 | ചിന്നാർ | 24 |
| 8 | ചെങ്കുളം ഓഗ്മെന്റേഷൻ | 24 |
| 9 | അപ്പർ ചെങ്കുളം | 24 |
| 10 | വക്കല്ലാർ | 24 |
| 11 | പഴശ്ശിസാഗർ | 7.50 |
| 12 | കീരിത്തോട് | 12 |
| 13 | പാറക്കടവ് | 10 |
| 14 | ആനക്കയം | 8 |
| 15 | വാലാന്തോട് | 8 |
| 16 | മാർമല | 7 |
| 17 | ചെമ്പുകടവ് – III | 6 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>18</td><td>മരിപ്പുഴ</td><td>6</td></tr>
<tr><td>19</td><td>പെരുവണ്ണാമൂഴി</td><td>6</td></tr>
<tr><td>20</td><td>ഒലിക്കൽ</td><td>5</td></tr>
<tr><td>21</td><td>വെസ്റ്റേൺ കല്ലാർ</td><td>5</td></tr>
<tr><td>22</td><td>ലാഡ്രം</td><td>3.50</td></tr>
<tr><td>23</td><td>പശുക്കടവ്</td><td>4</td></tr>
<tr><td>24</td><td>പീച്ചാട്</td><td>3</td></tr>
<tr><td>25</td><td>പൂവാരംതോട്</td><td>3</td></tr>
<tr><td></td><td>ആകെ</td><td>424</td></tr>
</table>
ഇവയിൽ പെരുവണ്ണാമൂഴി, തോട്ടിയാർ എന്നീ പദ്ധതികൾ പൂർത്തിയാക്കി രാഷ്ട്രത്തിനു സമർപ്പിച്ചു. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. അടുത്ത മാസം പദ്ധതി രാഷ്ട്രത്തിനു സമർപ്പിക്കുവാൻ തീരുമാനമായിട്ടുണ്ട്. 8 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ള പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളുടെ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ളവ) വിവിധ ഘട്ടങ്ങളിലാണ്.
</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാതെ സംസ്ഥാനത്തിനു പുറത്തുള്ള വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>പുറത്ത് നിന്നുള്ള വൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന് പ്രായോഗികമാണോ എന്ന് വിശദമായ പഠനങ്ങൾക്കും വിശകലനങ്ങൾക്കും ശേഷം മാത്രം ഏറ്റെടുക്കുവാനാണ് കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.</td></tr>
<tr><td>(സി)</td><td>പണി പൂർത്തിയാക്കാനുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?</td><td>(സി)</td><td>ഈ പദ്ധതികൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിബന്ധന അനുസരിച്ച് Cost per Megawatt കുറക്കുന്നതിനുവേണ്ടി വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പരിഷ്കരണം, വനം – പരിസ്ഥിതി വകുപ്പിന്റെ അനുമതി വാങ്ങൽ എന്നീ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങ-ളിലാണ്. ഈ വൈദ്യുത ഉത്പാദന പദ്ധതികൾ ആരംഭിച്ച് സമയബന്ധി തമായി പൂർത്തിയാക്കുന്നതിലേക്കായി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി വിലയിരുത്തി കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.<br><br>സൗരോർജ്ജ മേഖലയിൽ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ